# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 440 — 16-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | **ശ്രീ. മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ. ഇ.കെ.വിജയൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ് എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നുണ്ട്. |
| (ബി) | ജലസുഭിക്ഷ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കേരളം നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത വരൾച്ചക്കും ജലക്ഷാമത്തിനും പരിഹാരം കാണുന്നതിനായി, ലഭ്യമാകുന്ന മഴയുടെ നല്ലൊരു ഭാഗവും കിണറുകളിലേയ്ക്ക് എത്തിച്ച് കിണറുകൾ റീചാർജ്ജ് ചെയ്യുക എന്നതാണ് ജലസുഭിക്ഷ പദ്ധതിയുടെ പ്രധാന ഉദ്ദേശം. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 142 ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ കിണറുകളുടെ വിവരം സർവ്വേയിലൂടെ ശേഖരിച്ച്, വറ്റുന്നതോ, ജലത്തിന്റെ അവസ്ഥ വിവിധ കാരണങ്ങളാൽ അപകടകരമാംവിധം മോശമാവുകയോ ചെയ്യുന്നതിനാൽ അടിയന്തിര ഇടപെടൽ ആവശ്യമായതോ ആയ കിണറുകൾ കണ്ടെത്തി അവ റീചാർജ്ജ് ചെയ്യുകയാണ് ലക്ഷ്യമാക്കുന്നത്. |
| (സി) | സംസ്ഥാനത്തെ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 142 ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. രണ്ടാം ഘടത്തിൽ ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന 100 ഗ്രാമപഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**